"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആഭ്യന്തര വകുപ്പ് - ശ്രീ. ഷിബു.എ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന് ക്വാർട്ടേഴ്സിൽ തുടർ താമസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.1330/2026/HOME തീയതി,തിരുവനന്തപുരം, 10-04-2026

---

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 28.03.2026 തീയതിയിലെ H14-260386/2025/PHQ നമ്പർ കത്ത്.

<u>ഉത്തരവ്</u>

ശ്രീ. ഷിബു എ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തിരുവനന്തപുരം സിറ്റി പോലീസ് ഓഫീസിൽ പ്രവർത്തിയെടുത്ത് വരവേ ടിയാന് തിരുവനന്തപുരം സിറ്റിയുടെ കീഴിലുള്ള ക്വാർട്ടർ നമ്പർ H8 അലോട്ട് ചെയ്യുകയും തുടർന്ന് ടിയാൻ ഇടുക്കി ജില്ലാ പോലീസ് ഓഫീസിലേക്ക് ട്രാൻസ്ഫർ ആയപ്പോൾ ടി ക്വാർട്ടേഴ്സിലെ താമസം 31.03.2026 തീയതി വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തു. പ്രസ്തുത കാലാവധി അവസാനിക്കുന്ന സാഹചര്യത്തിൽ, റിട്ടയർമെന്റ് ഒഴിവിൽ ടിയാന് തിരുവനന്തപുരത്തേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് സാധ്യതയുള്ളതിനാൽ 01.04.2026 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി ക്വാർട്ടേഴ്സിൽ തുടർ താമസം അനുവദിച്ചു നൽകണമെന്ന് ടിയാൻ ആവശ്യപ്പെട്ടതായും ആയതിനാൽ തിരുവനന്തപുരം സിറ്റി പരിധിയിൽ 6 മാസത്തിനകം സ്ഥലംമാറ്റം ലഭിച്ചില്ലെങ്കിൽ ക്വാർട്ടേഴ്സ് ഒഴിയണമെന്ന വ്യവസ്ഥയിൽ ടിയാന് 01.04.2026 തീയതി മുതൽ ഒരു വർഷത്തേക്ക് പോലീസ് ഫാമിലി ക്വാർട്ടേഴ്സ് നമ്പർ H8 ൽ തുടർ താമസം അനുവദിച്ച് നല്കാവുന്നതാണെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം പ്രകാരം ശിപാർശ ചെയ്തു.

മേൽ വിഷയം സർക്കാർ പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ പ്രകാരം ഇടുക്കി ജില്ലാ പോലീസ് ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീ.ഷിബു എ. (PEN 117237)യ്ക്ക് വികാസ് ഭവൻ പോലീസ് ഫാമിലി ക്വാർട്ടേഴ്സ് നമ്പർ H8 - ൽ

01.04.2026 തീയതി മുതൽ ഒരു വർഷത്തേക്ക്, തിരുവനന്തപുരം സിറ്റി പരിധിയിൽ 6 മാസത്തിനകം സ്ഥലംമാറ്റം ലഭിച്ചില്ലെങ്കിൽ ക്വാർട്ടേഴ്സ് ഒഴിയണമെന്ന വ്യവസ്ഥയിൽ, തുടർതാമസം അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANJU M

ഡെപ്യൂട്ടി സെക്രട്ടറി

1. സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
2. ശ്രീ.ഷിബു എ., അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്(സംസ്ഥാന പോലീസ് മേധാവി മുഖേന)
3. ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ , ഐ & പി ആർ ഡി
3. കരുതൽ ഫയൽ (D3/63/2026-HOME )

ഉത്തരവിൻ പ്രകാരം

**Signed by Santhosh Mon T**
**Date: 13-04-2026 12:42:15**

സെക്ഷൻ ഓഫീസർ

പകർപ്പ്,

**1.**ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

**2.**ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ് ന്